# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 511 | 24.01.2018 - ൽ മറുപടിയ്ക്ക് |
|---|---|

## വാറ്റ് ആമ്നസ്റ്റി സ്കീം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഷാഫി പറമ്പിൽ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | വാറ്റ് കുടിശ്ശികയായി വ്യാപാരികളിൽ നിന്നും എന്ത് തുക ലഭിക്കാനുണ്ട് എന്ന് വിശദമാക്കാമോ; | (എ) | വാറ്റ് കുടിശ്ശികയായി വ്യാപാരികളിൽ നിന്നും 6,478.48 കോടി രൂപ ലഭിക്കാനുണ്ട്. |
| (ബി) | ചരക്ക് സേവന നികുതി (ജി.എസ്.ടി) നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി വാറ്റ് കുടിശ്ശിക പിഴയും പലിശയും ഒഴിവാക്കി പിരിച്ചെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (ബി) | ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>1. വാറ്റ് വ്യാപാരികൾക്ക് 2005-06 മുതൽ 2010-11 സാമ്പത്തിക വർഷം വരെയുള്ള നികുതി കുടിശ്ശിക പൂർണ്ണമായും അടച്ചാൽ കുടിശ്ശികയുടെ പലിശയും പിഴ തുകയുടെ 70% ഉം പിഴയുടെ പലിശയും ഇളവ് ചെയ്ത് നൽകുന്നതാണ്.<br>2. ഒരു വർഷത്തെ എല്ലാ കുടിശ്ശികകളും ഒരുമിച്ചാണ് സെറ്റിൽ ചെയ്യേണ്ടത്.<br>3. ഈ സ്കീം തിരഞ്ഞെടുക്കുന്നവർ കുടിശ്ശികയുമായി ബന്ധപ്പെട്ട് എല്ലാ ഫോറങ്ങളിലും നൽകിയിട്ടുള്ള കേസുകളും റിവിഷൻ അപ്പീലുകളും പിൻവലിക്കേണ്ടതാണ്.<br>4. നികുതി കുടിശ്ശികയും പലിശയും അപേക്ഷ തരുന്ന തീയതി വച്ച് കണക്കാക്കുന്നതാണ്.<br>5. ഈ കാലയളവിൽ കേന്ദ്ര വില്പന നികുതി പ്രകാരമുള്ള കുടിശ്ശികകളും ഈ സ്കീമിൽ പെടുത്തി തീർപ്പാക്കും. |
| (സി) | വാറ്റ് ആമ്നസ്റ്റി സ്കീം വഴി എന്ത് തുക പിരിച്ചെടുക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ? | (സി) | വാറ്റ് ആംനസ്റ്റി സ്കീം വഴി 60.34 കോടി രൂപ പിരിച്ചെടുക്കുവാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ